"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം- ശ്രീ. മുരളീകൃഷ്ണൻ. സി. ആർ-ന്റെ (PEN-691388) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം - ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.1662/2026/LSGD തീയതി,തിരുവനന്തപുരം, 04-09-2026

---

പരാമർശം:-
1. തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ഡയറക്ടർ (DE)-യുടെ 24.07.2026-ലെ LSGD/PD/40293/2024-DEH5 നമ്പർ നടപടിക്രമം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.08.2026-ലെ LSGD/PD/40293/2024-DEH5 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ.മുരളീകൃഷ്ണൻ.സി.ആർ-ന്റെ (PEN-691388) നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിയ്ക്കുകയുണ്ടായി. ടിയാൻ, 02.03.2007 പൂർവ്വാഹ്നത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനത്തിൽ പ്രവേശിച്ചെന്നും; നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന്, നിർദ്ദിഷ്ട വകുപ്പുതല പരീക്ഷ പാസ്സായിരിക്കണം എന്ന നിബന്ധന, ടിയാൾ യഥാസമയം പാലിച്ചിട്ടില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു. ടിയാന്റെ ജനനതീയതി 30.05.1969 ആയതിനാൽ, 29.05.2019-ൽ 50 വയസ്സ് പൂർത്തിയായെന്നും, അതിനാൽ, കെഎസ്&എസ് എസ് ആർ റൂൾ 13(b) പ്രകാരം വകുപ്പുതല പരീക്ഷകളിൽ നിന്നും ടിയാന് ഇളവ് അനുവദിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് അർഹത നേടുന്ന കാലയളവിൽ ടിയാനെതിരെ അച്ചടക്കനടപടികൾ നിലവിലില്ലാതിരുന്നതിനാൽ, ടിയാന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലയളവ് കെ.എസ് & എസ്.എസ്.ആർ പാർട്ട് II, റൂൾ 21 പ്രകാരം 02.03.2009 മുതൽ 01.03.2010 വരെ ഒരു വർഷകാലയളവിലേയ്ക്ക് പരാമർശം (1) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ടെന്നും, ടിയാൻ 31.05.2025-ന് സേവനത്തിൽ നിന്നും വിരമിച്ചെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആകയാൽ, ടിയാന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലയളവ് 30.05.2019 ൽ പൂർത്തിയാക്കിയതായി

പ്രഖ്യാപിക്കുന്നതിലേക്കായി ടിയാന്റെ പ്രൊബേഷൻ കാലയളവ് 02.03.2010 മുതൽ 31.05.2019 വരെ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) ശിപാർശയുടെ അടിസ്ഥാനത്തിൽ , ശ്രീ.മുരളീകൃഷ്ണൻ.സി.ആർ-ന്റെ (PEN-691388) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ്, 1958-ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 21 പ്രകാരം, 02.03.2010 മുതൽ 31.05.2019 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
ശ്രീ.മുരളീകൃഷ്ണൻ.സി.ആർ(PEN-691388), അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (EWB2/228/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Keerthi I P
Date: 05-09-2026
09:44:46

സെക്ഷൻ ഓഫീസർ